**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5622** **03-11-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളുടെ പട്ടിക നിലവിലുണ്ടോ; | (എ) | പട്ടിക നിലവിലുണ്ട്. |
| (ബി) | 2020-ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും പട്ടിക ഇതുവരെ പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2020-ൽ ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തുന്നതിനായി 27.07.2020-ലെ സ.ഉ.(കൈ) നമ്പർ 112/2020/തസ്വഭവ. പ്രകാരം മാനദണ്ഡങ്ങളും സമയ ക്രമവും നിശ്ചയിച്ചിരുന്നു. എന്നാൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പരിശോധന മാറ്റിവക്കേണ്ടിവന്നു. തുടർന്ന് നിയമസഭ തെരെഞ്ഞെടുപ്പ്, കോവിഡിന്റെ രണ്ടാം തരംഗം എന്നിവ മൂലമാണ് തുടർനടപടികൾ മുടങ്ങിയത്. |
| (സി) | വെരിഫിക്കേഷൻ നടത്തുന്നതിനും പട്ടിക പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | പുതിയ സമയക്രമം നിശ്ചയിച്ചതുപ്രകാരം 2021 നവംബർ 1-ന് വെരിഫിക്കേഷൻ ആരംഭിക്കുന്നതും തുടർന്ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ